# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5943 — 7.7.2014-ൽ മറുപടിക്ക്

### കാഞ്ഞങ്ങാട് നഗരസഭയിലെ മത്സ്യമാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കാഞ്ഞങ്ങാട് നഗരസഭയിലെ മത്സ്യ മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപി ച്ചിട്ടുണ്ടോ; പ്രസ്തുത പ്ലാന്റിന് എത്ര ലക്ഷം രൂപയാണ് ചെലവഴിച്ചി ട്ടു ള്ളതെന്ന് അറിയിക്കുമോ : | (എ) | ഉണ്ട്. പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണ പുരോഗതിയനുസരിച്ച് ഇതുവരെ 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | അല്ല. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമല്ലാ തായതിന് ഉത്തരവാദികളായവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനെതിരെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നഗരസഭ വക്കീൽ നോട്ടീസ് നൽകിയതിനു പുറമേ മറ്റു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സർക്കാർ സ്ഥാപനമായ KAICOയ്ക്കാണ് സമയബന്ധിതമായി പ്ലാന്റ് പൂർത്തീ കരിക്കാനായി കരാർ നൽകിയിരുന്നത്. കാലാവധി കഴിഞ്ഞിട്ടും പ്ലാന്റ് പ്രവർത്തനക്ഷമമാക്കി നഗരസഭക്ക് കൈമാറാത്തതിനാൽ KAICO യിൽ നിന്നും 50 ലക്ഷം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ